ജി എച്ച് എസ് എസ് പള്ളിക്കുന്ന്

# ഡിജിവിങ്സ്

## ഡിജിറ്റൽ മാഗസിൻ

## 2023-2024



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

little KITEs

# ഗവ ഹയർസെക്കന്ററി സ്ക്കൂൾ
# പള്ളിക്കുന്ന്



# ഡിജിവിങ്സ്

## ഡിജിറ്റൽ മാഗസിൻ
## 2023-2024

ഡിജിറ്റൽ സാങ്കേതിക വിദ്യ ദ്രുതഗതിയിലുള്ള വളർച്ച കൊണ്ട് നമ്മെ

അമ്പരിപ്പിക്കുകയാണ്.....

ലിറ്റിൽകൈറ്റ്സ് കുട്ടി കൂട്ടങ്ങളും ഈ വളർച്ചയോടൊപ്പം തന്നെയുണ്ട്.......

കൊച്ചു പ്രതിഭകളുടെ സർഗ്ഗാത്മക ആവിഷ്ക്കാരങ്ങളാൽ സമ്പന്നമായ ഈ

മാഗസിൻ ഡിജിറ്റൽ ചിറകിനാൽ പുതിയ മാനങ്ങളിലേക്ക്

പറന്നുയരുകയാണ്......

വിവരസാങ്കേതിക വിദ്യ അദ്ഭുതപൂർവമായ കുതിച്ചു ചാട്ടം നടത്തുന്ന ഈ കാലഘട്ടത്തിൽ നല്ലൊരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയ ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങളായ എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അഭിനന്ദനങ്ങൾ !



ഹെഡ് മാസ്റ്റർ

പൊതുവിദ്യാഭ്യാസ ശാക്തീകരണത്തിൻ്റെ ഭാഗമായി കേരളത്തിലെ ഹൈസ്കൂളുകളിൽ പ്രവർത്തിച്ചു വരുന്ന കുട്ടികളുടെ കൂട്ടായ്മയാണല്ലോ' ലിറ്റിൽ കൈറ്റ്സ്' . വിവര സാങ്കേതിക വിദ്യയും വിവര വിനിമയയും സ്വായത്തമാക്കാനും, അതിനൂതന ഉപകരണങ്ങൾ ഉപയോഗിച്ചു ശീലിക്കാനും അദ്ധ്യാപകർക്കൊപ്പം കുട്ടികളെയും പ്രാപ്തമാക്കുന്ന പ്രസ്തുത പദ്ധതി വരും കാല ലോകത്തോട് സംവദിക്കാൻ കുട്ടികളെ സജ്ജമാക്കുമെന്ന കാര്യത്തിൽ സംശയമേ ഇല്ല. ഇതിൻ്റെ ഭാഗമായി
ഗവ. ഹയർ സെക്കൻ്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് സർവ്വ മംഗളങ്ങളും നേരുന്നു.

അബ്ദുറഹിമാൻ പി കെ
(സീനിയർ അസിസ്റ്റൻ്റ്)



# Little Kites Mistress



Nisha . P Ramani . V





School IT Co-ordinator

Joint School IT
Co-Ordinator



8th Batch 2023-26



9th Batch 2022-25

# താളുകൾ മറിക്കുമ്പോൾ


| | |
|---|---|
| That the day we are born | Ankitha vp |
| Selfish | Keer thika o |
| കരിപുരണ്ട ചുമരിലെ കൗതുകം | അഞ്ജിത വി പി |
| തീവണ്ടി | വാണി കെ വി |
| പ്രവാസിയുടെ ആത്മനൊമ്പരങ്ങൾ | മൗസൂഫ പി കെ |
| വീട്ടുപകരണങ്ങൾ | വേണുഗോപാലൻ ഇ പി |
| ഡിങ്കു ആന | അലോക് നാഥ് |
| നിശബ്ദ സഞ്ചാരം | ബിന്ദു പി |
| വിശപ്പ് | നീലാംബരി. |
| വിഷുവിനായി കാത്തിരുന്നവൾ | സിന്ധു പി കെ |
| അമ്മ മനസ്സ് | സൻമയ .വി |
| ബലിമൃഗം | ദർശന പി |
| അമ്മയും മകളും | അക്ഷയ കെ.പി. |
| മരുപ്പച്ച തേടി | ഹിമ.പി. |

| | |
|---|---|
| അത്ഭുതങ്ങളുടെ ലോകത്തിൽ | അഭിനവ് എം.കെ. |
| സ്വപ്നങ്ങളുടെ നക്ഷത്രം | കീർത്തന ജേക്കബ് |
| കത്തിയെരിഞ്ഞ ചിറക് | അന്നപൂർണ്ണ മനോജ് . |
| 2039 | നമിത |
| ഏകാന്തതയുടെ തടവറ | അനന്യ കെ. |
| പൊതിച്ചോറ് | കീർത്തന എൻ . കെ. |
| സ്നേഹം | സിദ്ധാർത്ഥ് എ |
| ബുദ്ധിമാനായ എലി | ആദിനാഥ്. എ |
| പ്രിയപ്പെട്ടവർ | അഷിത. പി. |

# ഏകാന്തതയുടെ തടവറ

## അനന്യ .കെ.വി

അന്ന് ആ മഴയത്ത് അവളുടെ കണ്ണുനീര് കാണുവാൻ ആരും ഉണ്ടായിരുന്നില്ല. തകർത്തു പെയ്യുന്ന ആ മഴയത്ത് അവൾ സ്വയം മറന്ന് കരയുകയാണ്. തൻ്റെ ഏക ആശ്രയമായ തൻ്റെ അമ്മ തന്നോട് വിട പറഞ്ഞു. തന്നെ വിട്ടാകുന്നു. അമ്മ പച്ചക്കറി വാങ്ങുവാൻ വേണ്ടി മാർക്കറ്റിലേക്ക് പോയി. പച്ചക്കറി വാങ്ങി തിരിച്ചുവരുന്നതിനിടയിൽ പാഞ്ഞുവന്ന ഒരു വണ്ടി തന്റെ അമ്മയെ ഇടിച്ചു തെറിപ്പിച്ചു. സംഭവ സ്ഥലത്ത് വച്ചു തന്നെ തൻ്റെ അമ്മ മരണപ്പെട്ടു. തൻ്റെ അച്ഛൻ്റെ മരണം ആയിരുന്നു തന്നെ കൂടുതൽ തളർത്തിയത്.

പിന്നീട് ഇപ്പോൾ അമ്മയും. തൻ്റെ അച്ഛൻ്റെ മരണം അവരുടെ ജീവിതത്തിലെ അപ്രതീക്ഷിതമായ ഒരു വെല്ലുവിളിയായിരുന്നു. വളരെ സന്തോഷത്തോടെ കഴിഞ്ഞിരുന്ന തൻ്റെ കൊച്ചു കുടുംബം, അവരുടെ സന്തോഷങ്ങളെ തല്ലിക്കെടുത്തിയ ആ മരണം. അമ്മയും ഞാനും കൂടി അച്ഛനെ കാത്തിരുന്ന നിമിഷങ്ങൾ. അച്ഛന് മരം മുറിക്കൽ ആണ് ജോലി. പതിവുപോലെ നേരത്തെ വരുന്ന അച്ഛനെ കാത്തിരുന്നു.

പക്ഷേ അത് താൻ അവസാനമായി അച്ഛനെ കാത്തിരിക്കുകയാണെന്ന് അവൾ അറിഞ്ഞില്ല. കാത്തിരുന്നു മുഷിഞ്ഞപ്പോൾ അമ്മയും ഞാനും വീടിനകത്ത് കയറി വാതിൽ അടച്ചു. പെട്ടെന്ന് ഒരു മഴ പെയ്തു. അർദ്ധരാത്രി യിൽ ഒരു അജ്ഞാതൻ വാതിലിൽ മുട്ടി. ഞങ്ങൾ പെട്ടെന്ന് ഞെട്ടി എഴുന്നേറ്റു. വാതിൽ തുറന്നു നോക്കി. തികച്ചും അപരിചിതനായ ഒരു വ്യക്തി. അയാൾ പറഞ്ഞ വാക്കുകൾ കേട്ട് അമ്മ തളർന്നു തൻ്റെ അച്ഛൻ്റെ മരണവാർത്ത ആയിരുന്നു അത്. മരം മുറിക്കുന്നതിനിടയിൽ തൻ്റെ അച്ഛൻ്റെ

ദേഹത്ത് മരം വീണ് മരണപ്പെട്ടു.

ഇപ്പോഴിതാ തൻറെ അമ്മയും തന്നെ തനിച്ചാക്കി പോയി. ഇപ്പോൾ താൻ ഏകാന്തതയുടെയും ഒറ്റപ്പെടലിന്റെയും തടവറയിലാണ്.

# പ്രിയപ്പെട്ടവർ

'അമ്മ' അനൂപ് ഏറ്റവും കൂടുതൽ സ്നേഹിച്ച വ്യക്തി. അനൂപിന് ഒരു അനിയൻ ഉണ്ട് സന്ദീപ് എന്നാണ് പേര് . പത്താം ക്ലാസ് തോറ്റ അനൂപിന് നാട്ടുകാരുടെ മുൻപിൽ ഒരു വിലയുമുണ്ടായിരുന്നില്ല. സമൂഹം താഴ്ത്തി പറയുന്നതുമൂലം അവൻറെ ഉള്ളിൽ ഉടലെടുത്ത വാശി കുടുംബത്തിൻറെ കാര്യങ്ങൾ ഒന്നും ശ്രദ്ധിക്കാതെ നടക്കുന്ന കുടിയനായ ആളായിരുന്നു അവന്റെ അച്ഛൻ . അമ്മ എപ്പോഴും പറയുമായിരുന്നു "രാജ്യത്തിനുവേണ്ടി എന്തെങ്കിലുമായിത്തീരണമെന്ന്" അച്ഛൻ ഒരിക്കലും അവരുടെ കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നില്ല അമ്മയെയും അവരെയും അച്ഛൻ ദിവസവും അടിക്കുമായിരുന്നു അതിനാൽ അമ്മയായിരുന്നു അവരുടെ എല്ലാ കാര്യങ്ങളും നോക്കിയിരുന്നത് . ഒരു മഴ പെയ്യുന്ന രാത്രി ഏഴ് വയസ്സുള്ള അനിയനെ അവന്റെ അടുത്താക്കി അസുഖബാധിതയായ അമ്മ ലോകത്തോട് വിട പറഞ്ഞു. അമ്മ എപ്പോഴും പറയുമായിരുന്നു "നിങ്ങൾ എവിടെ തോറ്റാലും ആ കാര്യം ഉപേക്ഷിക്കാനുള്ള കാരണമായി തോൽവിയെ കണക്കാക്കരുതെന്ന്" ആ നല്ല വാക്കുകൾ പട്ടാളക്കാരനാവണമെന്ന സ്വപ്നത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി അങ്ങനെ ഒരു കൈയിൽ അനിയൻറെ പഠിത്തവും മറുകൈയിൽ അമ്മയുടെ മോഹവും ആയി പകൽ ജോലി ചെയ്തും രാത്രി പഠിച്ചും പ്രതിസന്ധികൾ നിറഞ്ഞ ഒരോ രാത്രിയും പകലും തള്ളി നീക്കി. കഷ്ടപ്പെടുമ്പോഴും ദൈവം കരുതിവെച്ച നല്ല നാളെയ്ക്ക് ആണെന്ന പ്രതീക്ഷയോടെ അവൻ ജീവിച്ചു അങ്ങനെ കുറെ നാളുകളുടെ കഷ്ടപ്പാടിനൊടുവിൽ തോറ്റും ജയിച്ചും അവൻ പട്ടാളക്കാരനായി. രാജ്യത്തിന്റെ അതിർത്തിയിൽ തൻറെ രാജ്യത്തെയും രാജ്യത്തിലെ ജനങ്ങളെയും സംരക്ഷിക്കാൻ വേണ്ടി നിൽക്കുന്ന ഓരോ പട്ടാളക്കാരനിലും ഉണ്ടാവുന്ന അഭിമാനം അനൂപിനും തോന്നി സന്തോഷവും അഭിമാനവും ഉണ്ടെങ്കിലും അമ്മയുടെ വേർപാടിന്റെ ദുഃഖം അവനെ അലയടിച്ചിരുന്നു.

അവിടെ നിന്നും കിട്ടുന്ന ഓരോ ഇടവേളകളിലും  അമ്മയെയും അനുജനെയും ഓർക്കുമായിരുന്നു. അങ്ങനെയിരിക്കയാണ് അനിയന്റെ കത്ത് വന്നത് അതിൽ അവന് നാവികസേനയിൽ ജോലി കിട്ടിയെന്നും എത്രയും വേഗം ജോലി ആവശ്യത്തിന് ഡൽഹിയിലേക്ക് പോകണം എന്നുമായിരുന്നു. വായിച്ചു കഴിഞ്ഞപ്പോൾ അവന് ഒരുപാട് സന്തോഷമായി. "ഒരു നിമിഷം തന്റെയും അനുജന്റെയും വിജയങ്ങൾ കാണാൻ അമ്മ മുന്നിൽ വന്നിരുന്നെങ്കിൽ " എന്ന് അവൻ ആഗ്രഹിച്ചു "അങ്ങനെ വരാത്തതിനും ഒരു കാരണമുണ്ടാവില്ലേ ചിലപ്പോൾ മരണം അത്രയ്ക്കും സുന്ദരമായതിനാൽ ആകാം മരിച്ചവർ പിന്നീട് ഒരിക്കലും തിരിച്ചു വരാൻ മനസ്സു കാണിക്കാത്തത് " എന്ന മണ്ടത്തരത്തിലൂടെ സ്വയം മനസ്സിനെ ആശ്വസിപ്പിച്ചു. പക്ഷേ അമ്മ തീർച്ചയായും സ്വർഗ്ഗത്തിൽ നിന്ന് തൻറെ മക്കളുടെ വിജയങ്ങൾ കണ്ടു സന്തോഷിക്കുന്നുണ്ടാവും എന്ന് അവൻ വിശ്വസിച്ചിരുന്നു. അന്ന് ഫെബ്രുവരി 13 ആയിരുന്നു അവരുടെ അമ്മയുടെ പിറന്നാൾ  അമ്മയ്ക്ക് വേണ്ടി പ്രാർത്ഥിച്ചു. മക്കളുടെ ഒരു നേരത്തെ വിശപ്പടക്കാൻ കഷ്ടപ്പെട്ടിരുന്നു അമ്മ അമ്മയില്ലാത്ത ഈ ലോകം ഒട്ടും സുന്ദരമായി തോന്നിയില്ല അവന്. ലോകത്തെ ഏറ്റവും കൂടുതൽ ഒരാളെ സ്നേഹിച്ചത് പോലെ  അവൻ കൂടുതൽ വെറുത്ത ഒരാൾ കൂടി ഉണ്ടായിരുന്നു അച്ഛൻ അങ്ങനെയൊരു സ്ഥാനം അയാൾ തികച്ചും അർഹിക്കുന്നില്ല. സങ്കടങ്ങൾ നിറഞ്ഞ എന്നാൽ അമ്മയോടൊപ്പം ഉണ്ടായിരുന്നപ്പോൾ ലഭിച്ചിരുന്ന സന്തോഷവും നിറഞ്ഞ പഴയ ദിനങ്ങൾ ഓർത്ത് വിഷമിച്ചിരുന്ന അവൻറെ അടുത്ത് റാം എന്ന് പേരുള്ള ഒരു പട്ടാളക്കാരൻ വന്ന് കാര്യം തിരക്കി അവൻറെ ആലോചനകൾ അവൻ റാംനോട് പറഞ്ഞു. അവനെ ആശ്വസിപ്പിക്കാൻ റാം "സമയം എല്ലാത്തിനെയും സുഖപ്പെടുത്തും താൻ വിഷമിക്കേണ്ട ടോ" എന്നു പറഞ്ഞു അവൻ അതിന് മറുപടിയായി "സമയം ഒന്നിനെയും സുഖപ്പെടുത്തില്ല മറിച്ച് വേദനയോടെ  എങ്ങനെ ജീവിക്കാം എന്ന് നമ്മളെ പഠിപ്പിക്കും" അതു കേട്ട റാം നിശബ്ദനായി അവൻറെ തോളത്തു തട്ടി അവിടെ നിന്നും പോയി.കുറച്ചു ദിവസങ്ങൾക്ക് ശേഷം ഒരു ചൊവ്വാഴ്ച അനുജന്റെ കത്ത് വന്നിരുന്നു അന്ന് അതിർത്തിയിൽ അന്ന് ഒരു അക്രമണം നടന്നു ഇന്ത്യൻ സൈനികർ പ്രതിരോധിക്കുന്നതിനിടെ സൈനികരിൽ കുറച്ചുപേർ മരണപ്പെട്ടു ആ മരണപ്പെട്ടവരിൽ അനൂപും ഉണ്ടായിരുന്നു. സന്തോഷങ്ങൾ നിറഞ്ഞ അനുജന്റെ കത്ത്

വായിക്കാൻ അവൻ ഈ ലോകത്ത് ഉണ്ടായിരുന്നില്ല ഇനി ദിവസവും അമ്മയെക്കുറിച്ച് ആലോചിക്കേണ്ട അമ്മ സുഖത്തോടെ ആണോ അല്ലയോ എന്നോർത്ത് വേവലാതി പെടുകയും വേണ്ട.
സ്വർഗ്ഗത്തിലേക്ക് അമ്മയുടെ അടുത്ത് അവനും പോയി
പൂന്തോട്ടത്തിലെ സുന്ദരമായ പൂവ് മനുഷ്യർ വേഗം ഇറുത്ത് കൊണ്ട് പോകുന്നത് പോലെ സുന്ദരമായ അവൻറെ ജീവിതവും ദൈവം വേഗം പറിച്ചു കൊണ്ട് പോയി പ്രിയപ്പെട്ട ഒരാളുടെ ഒപ്പം ഇനി അവന് എത്ര വേണമെങ്കിലും നിൽക്കാം അവിടെ ഒരു ശക്തിക്കും അവനെയും അമ്മയെയും വേർപെടുത്താൻ കഴിയില്ല എന്നാൽ അനുജനോ?തൻറെ ചേട്ടൻ മരിച്ചു എന്ന വാർത്ത കേട്ട അവന് സങ്കടം അടക്കാൻ കഴിഞ്ഞില്ലായിരുന്നു ഒന്നു പൊട്ടിക്കരയാൻ പോലും അവന് കഴിഞ്ഞില്ല. സ്വർഗ്ഗത്തിൽ നിന്ന് അവൻ അനുജനോട് പറയുന്നുണ്ടാകും "നീ കരയരുത് കാരണം നിൻറെ കണ്ണീരു തുടക്കാൻ ഈ ലോകത്ത് ഇനി ഞാൻ ഇല്ല" അമ്മയും ചേട്ടനും ഉണ്ടായിരുന്നപ്പോൾ അവൻ മനസ്സുകൊണ്ട് സന്തോഷിച്ചിരുന്നു അമ്മ വിട്ടുപോയി, ഇപ്പോൾ ഇതാ ചേട്ടനും.
സങ്കടത്താൽ തിങ്ങിയ അവൻ മരണത്തിന്റെ കൈകളിൽ സന്തോഷം കാണുന്നു , പക്ഷെ ഇല്ല എവിടെയോ ജീവിതത്തിൽ അമ്മ പറഞ്ഞ ചില വാക്കുകൾ ആ മോശം തീരുമാനത്തെ മനസ്സ് എതിർത്തു. മെല്ലെ മെല്ലെ അവൻ ജീവിതത്തോട് പൊരുത്തപ്പെടാൻ തുടങ്ങി കാരണം
' എല്ലാം എപ്പോഴും കൂടെ ഉണ്ടാവുകയില്ല ഇത് ജീവിതമാണ് '

# വിഷുവിനായ് കാത്തിരുന്നവൾ

ചില്ലയൊന്നൊഴിയാതെ വിടർന്ന കൊമ്പിൽ
പൂക്കൾ തീർന്നത്
കൊഴിഞ്ഞതിനാലല്ല
കണിയാകുവാനത്രെ.
ശിരസ്സു കുനിഞ്ഞത്
തോറ്റതിനാലല്ല
ഋതുക്കളിൽ തപം ചെയ്യാനത്രെ.
ഋതുവോരോന്നിലും ദുരിതം പേറിയത്
തളർന്നതിനാലല്ല
ഉണരുവാനത്രെ ഉയിർ നേടി
നിറയുവാനത്രെ.
സ്വർണവർണം മാറിലറിഞ്ഞത്
സുമംഗലിയാകാനല്ല
കണി കാണും മിഴികളിൽ
നിറം നൽകാനത്രെ.
വരും നാളെകൾ ഹരിതാഭമാക്കാൻ
മഞ്ഞതൻ മന്ദസ്മിതം
ചുണ്ടിലേറ്റും ഗ്രീഷ്മത്തിൻ മകളിവൾ .

സിന്ധു.പി. കെ
അധ്യാപിക

# THAT THE DAY WE ARE BORN

••••••••••••••••••••••••••••••

••••••••••••••••••••••••••••••



Nature held its breath that day
The heaven smiled one clear morn
The world altered for good

When soul slumber soundless
Says HAPPY BIRTHDAY TO YOU
The dream of dawn
On the day that you are born.

--Ankitha vp.

••••••••••••••••••••••••••••••••••••••••

# സ്നേഹം

സിദ്ധാർത്ഥ്.എ

ലക്ഷ്മിക്കുട്ടിയും അമ്മയും സന്തോഷത്തോടെ ജീവിക്കുകയാ യിരുന്നു. അങ്ങനെ ലക്ഷ്മിക്കുട്ടിയ്ക്ക് സ്ക്രൂളിൽ പരീക്ഷയൊക്കെ കഴിഞ്ഞു സ്ക്രൂളടച്ചു. അവൾ അതിന്റെ സന്തോഷത്തിലാണ്. പിറ്റെ ദിവസം ലക്ഷ്മിക്കുട്ടി അതിരാവിലെ എഴുന്നേറ്റു. അവൾക്കൊരു ഓമനയായ ഒരു നായക്കുട്ടി ഉണ്ടായിരുന്നു. അതിന്റെ പേരാണ് ടിറ്റു. അങ്ങനെ അവൾ ടിറ്റുവുമൊത്ത് മുറ്റത്തും തൊടിയിലുമായി കളിക്കാൻ തുടങ്ങി. കുറച്ച് കഴിഞ്ഞപ്പോൾ അവളുടെ അമ്മ അവ ളോട് ദൂരെയെങ്ങും പോകരുത് എന്ന് പറയുന്നുണ്ട്. അതൊന്നും കൂട്ടാക്കാതെ അവളും ടിറ്റുവും കൂടി ദൂരെ കളിക്കാൻ പോയി. അപ്പോൾ അവിടെ ഒരു വശത്തായി ഒരു പാമ്പ് നിൽക്കുന്നുണ്ടാ യിരുന്നു. അവൾ അതിനെ കണ്ടതും നിലവിളിക്കാൻ തുടങ്ങി. ഒപ്പം ടിറ്റുവും ശബ്ദമുണ്ടാക്കാൻ തുടങ്ങി. ഇത് കേട്ട് അമ്മ ഓടി വന്നു. നോക്കുമ്പോൾ പാമ്പ് ലക്ഷ്മിക്കുട്ടിയുടെ അടുത്തേക്ക് ഇഴഞ്ഞു വരുന്നു. അമ്മ പെട്ടെന്ന് ലക്ഷ്മിക്കുട്ടിയേയും ടിറ്റുവി നേയും കൂട്ടി ഓടി രക്ഷപ്പെട്ടു. ഇതിൽ നിന്നും നാം മനസ്സിലാ ക്കേണ്ട പാഠം മുതിർന്നവർ പറയുന്നത് അനുസരിക്കണം എന്ന താണ്.

# കത്തിയെരിഞ്ഞ ചിറക

അന്നപൂർണ്ണ മനോജ്

"എടീ..... എണീക്ക്, എത്ര സമയമായി, ദേ ബാപ്പ കാണണ്ട. പെണ്ണ്ാ പോലും, എണിറ്റേ വേഗം. ഞാൻ ചട്ടുകമെടുക്കണോം." ഈ ഉമ്മാന്റൊരു കാര്യം. "പെണ്ണായാലെന്താ ഒറങ്ങിയാല്, ബാപ്പയും ഇക്കാക്കയും എണീച്ചിട്ടുണ്ടാവില്ല. ഉമ്മ പോ, ഞാൻ കുറച്ച് ഒറങ്ങട്ട്." "നിന്നെ ഞാൻ.. ചട്ടുകമെടക്കട്ട്." അയ്യോ... ചട്ടുകമെടുക്കുമെന്ന് പറഞ്ഞാൽ ഉമ്മ എടുക്കും. വേഗം പല്ല് തേച്ച് അടുക്കളയിൽ ചെന്നു. "ഇന്നെന്താ ഉമ്മ രാവിലെ" "കല്ലുമ്മക്കായ." "ഇതെന്താ, ആരാ ഉമ്മ വരണത്. ഇത്രക്ക് പലഹാരം എന്തിനാ ഉണ്ടാക്കിയെ" ഉമ്മ ഒന്ന് തുറിച്ചു നോക്കി.

"ബയസ്സെത്രയായീന്നാ ബിചാരം. അന്ന കാണാൻ ഒരു ക്രൂട്ടര് ബരണ്ണ്ട്. നല്ല കുടുംബാ. അവർക്ക് കച്ചോടാ. ബാപ്പാക്കും ഇക്കാക്കും ഓരെ ബയങ്കര ഇഷ്ടാ യി. ഇന്ന് ഒറപ്പിക്കും." "അല്ല.... ഇക്കാൻറെ ബാപ്പാൻ്റെം നിക്കാഹ ല്ലല്ലോ. അവരെന്നോട്. ഒന്നും പറഞ്ഞില്ലല്ലോ." "എടീ..... തർക്കു ത്തരം പറയുന്നോ. കെട്ടിക്കഴിഞ്ഞാൽ നിന്റെ സ്വഭാവം മാറ്റിക്കോ ണം. ഞാനെ അൻ്റെ ബാപ്പാനെ കെട്ടിയത് ൻ്റെ പതിമൂന്നാമത്തെ വയസ്സിലാ. നിനക്ക് പതിനാറായി, ബോധമുണ്ടാ....." "ഞാൻ പോവ്വാ." ഞാവൽ മരത്തിൻ്റെ ചുവട്ടിലെത്തി.

അണ്ണാർക്കണ്ണനും ചെമ്പോത്തും മൈനയും കുശലം ചോദിച്ചു. ഓ.... എന്ത് കഷ്ടാണ്. നിക്കാഹ് കഴിക്കണംന്ന് എന്ത് നിർബന്ധാണ്. നിക്കാഹ് ചെയ്തേല് ചത്തു പോവോ. ഉമ്മാക്കും ബാപ്പാക്കും എന്താ ഇത്രക്ക് നിർബ ന്ധം. എന്നെ എന്തിനാ നിക്കാഹ് ചെയ്തയക്കുന്നേ? ഞാനിവിടെ ത്തന്നെ നിന്നോളാ. ഇവിടെ നിന്ന് പോയാല്, ആര് പ്രാവിന് അത കൊടുക്കും

മീനാക്ഷിയും നയനയുമെല്ലാം പ്ലസ് വണ്ണിലെയണ്ണ എന്നെ എന്താ സ്ക്രൂളിൽ വിടാത്തൻ ഞാൻ പഠിക്കാഞ്ഞിട്ടുവോ. പത്തില എന്നിക്ക് മുഴുവൻ വിഷയത്തിലും A+ അല്ലേ? എന്നിക്ക നിയും പഠിക്കണം. പഠിഞ്ഞിട്ട് ഡോക്ടറാവണം. "എടി ഹന്ന. ഇങ്ങ ബാ... ഒരുപാട് പണിയുണ്ട്. ഇക്കക്ക് ചായകൊണ്ട് കൊടുത്ത ഉമ്മ അടുക്കളയിൽ നിന്ന് വിളിച്ചു പറഞ്ഞു. ഇനി പോയില്ലെങ്കിൽ അതായിരിക്കും കുറ്റം. മരച്ചോട്ടിൽ നിന്ന് എണീറ്റ് അടുക്കളയിൽ ചെന്നു. ചായ ഗ്ലാസെടുത്ത് ഇക്കാക്കാൻ്റെ റൂമിൽ പോയി ഇക്ക കിടന്നിരുന്നു. കണ്ണടച്ചിട്ടുണ്ടായിരുന്നില്ല. "ഇക്കാ, ചായ ഇവിട വെച്ചിന്." "ആ... അനക്ക് തട്ടം ഇട്ടാലെന്താ." "ഓ, ഇടാം ഇക്കാ.. തിരിച്ച് നടന്നു. ഇവിടെ ഒരു സ്വാതന്ത്ര്യവുമില്ല. തട്ടം ഇടണം, ഇറു ങ്ങിയ കുപ്പായങ്ങൾ ഇടരുത്, വീട്ടിൽ അതിഥികൾ വന്നാൽ അവ രുടെ മുന്നിൽ നിൽക്കരുത്, എവിടെയും പോകരുത്, പുറത്ത് പോകു മ്പോൾ പർദ്ദ ഇടണം, ഉച്ചത്തിൽ സംസാരിക്കാൻ പാടില്ല. പാട്ട് പാടാൻ പാടില്ല, അങ്ങനെ ഒരുപാട് നിയമങ്ങൾ. ബാപ്പാൻ അടുത്ത് പോയി നിക്കാഹ് വേണ്ടാന്ന് പറഞ്ഞാലോ.... പറയാം. ചെലപ്പോ ബാപ്പ എന്നെ സ്ക്രൂളിൽ വിടും. ബാപ്പ എണീറ്റിരുന്നു. "ബാപ്പാ, അനക്ക് ഒരു കാര്യം പറയാന്ണ്ട്." "ഇം... എന്താ" "അനക്ക് ഇപ്പം നിക്കാഹ് വേണ്ട. എനക്ക് പഠിക്കണം. എന്നെ സ്ക്രൂളിൽ വിടോ, ബാപ്പാ...." "ഫാ..... നിന്നെ ഞാൻ. സ്ക്രൂളിൽ പോണം പോലും. ബയസ്സുത്രയായിന്നാ ബിചാരം, മിണ്ടാണ്ട് പോയിക്കോ. നീ ഓനെ കെട്ടൂള്ളൂ." "ബാപ്പാ, അത്....." "നീ ഒന്നും പറയണ്ട. ബേഗം കെട്ടാൻ നോക്ക്. പഠിക്കണം പോലും. അനങ്ങാണ്ട് പോ. പെണ്ണാ പോലും." കരഞ്ഞു കൊണ്ട് മരച്ചോട്ടിലേക്കോടി. പ്രാവും ഇരട്ട വാലനും പാട്ടുപാടി എന്നെ സന്തോഷിപ്പിച്ചു. "ഹന്നാ... ദേ തേങ്ങ ചിരകി താ" ഉമ്മ വിളിച്ചു പറയുന്നു.

ഉമ്മ വൈകുന്നേരം ഇടണ്ട കുപ്പായവും ആഭരണവുമെല്ലാം കൊണ്ട് തന്നു. നല്ല ചുവന്ന വരയുള്ള ലാച്ചയും പിന്നെ വളയും കമ്മലും അരഞ്ഞാണവും. അങ്ങനെ ഒരുപാട് സ്വർണ്ണാഭരണങ്ങൾ. "അനക്ക് നിക്കാഹ് വേണ്ട, ഞാൻ

മുറിഞ്ഞിട്ടുണ്ട്. ഒരു കിളി കരയുന്നു. പാവം, കൂട് നഷ്ടപ്പെട്ടു. കിളിയുടെ ശബ്ദമല്ലാതെ യാതൊരു ശബ്ദവുമില്ല. കിളിയുടെ കരച്ചിൽ കേൾക്കും തോറും മനസ്സ് എന്തോ ആവുന്നു. കുറേ സമയം അത് കരഞ്ഞു. പിന്നെ മിണ്ടാതിരുന്നു. നിസ്സഹായാവസ്ഥ.

നാളെയാണ് എന്റെ നിക്കാഹ്. ഉമ്മയുടെയും ബാപ്പായുടെയും സന്തോഷം കാണുമ്പോ എനിക്കും സന്തോഷാവും. പക്ഷെ അയാ ളെയാണ് കെട്ടുന്നതെന്നോർത്തപ്പോൾ..... ഇന്ന് വീട്ടിൽ സൽക്കാ
 രമാണ്. വൈകുന്നേരം നാല് മണിയായി. എല്ലാവരും വരാൻ തുട ങ്ങി. എല്ലാവരും ചേർന്ന് എന്നെ ഒരുക്കി. കണ്ണാടിയിൽ നോക്കിയ പ്പോൾ ഞെട്ടിപ്പോയി! ഞാൻ കുറേ സുന്ദരിയായി. എത്രയാ മാല, കഴുത്ത് വേദനിക്കുന്നു. എന്നെ മുറ്റത്ത് കസേരയിലിരുത്തി ആമി നയും ആയിഷയുമെല്ലാം ഒപ്പന കളിച്ചു. കുറേ പേർ വന്ന് സമ്മാ നങ്ങൾ തന്നു. രാത്രി പതിനൊന്ന് മണിയായി. ഉറക്കം വരുന്നു. ഉമ്മയോട് ചോദിച്ച് കുപ്പായം മാറി ഉറങ്ങാൻ കിടന്നു. ഉറക്കം വരു ന്നില്ല. നാളെ എന്റെ നിക്കാഹാണ്. ഞാൻ വേണ്ടാന്ന് പറഞ്ഞ തല്ലേ? എന്നെ എന്തിനാ ഈ വീട്ടീന്ന് പറഞ്ഞയക്കുന്നേ? നാളെ ഞാൻ...!! യാ.....അള്ളാ...എനിക്കിനി ജീവിക്കേണ്ട, അങ്ങ് എടു ത്തോളീ പടച്ചോനേ......



# പൊതിച്ചോറ്

കീർത്തന.എൻ.കെ

അമ്മ ഉണ്ടാക്കിയ ആഹാരം കഴിക്കാതെയാണ് ഞാൻ വീട്ടിൽ നിന്ന് ഇറങ്ങിയത്. സ്വന്തമായി ഒരു ജോലി ഉണ്ടെന്ന അഹങ്കാരം കൊണ്ടാകാം ഇതൊരു പതിവായി മാറിയത്. രാവിലെ ദോശ, ഉച്ചയ്ക്ക് ചോറ്, ദിവസവും ഇത് ഞാൻ കഴിച്ച് മടുത്തു. "അമ്മയ്ക്ക് ഇതൊന്ന് മാറ്റിപിടിച്ചൂടെ?" എന്നും ദോശ തിന്ന മടുപ്പു കാരണം ഞാൻ ചോദിക്കും. സ്വന്തമായി ഒരു ജോലിയുണ്ടായിട്ടും വീട്ടിലേ ക്കുള്ള സാധനങ്ങൾ വാങ്ങുന്നത് അച്ഛനാണ്. സാധനങ്ങൾ വാങ്ങു ന്നതും ഒരുതരം ചടപ്പുള്ള പരിപാടിയാണ്. ഇന്ന് ഞാൻ വളരെ അധികം വൈകി. "ഭക്ഷണം ഞാൻ ഹോട്ടലിൽ നിന്ന് കഴിച്ചോളാം" എന്നുള്ള പതിവ് വാചകം ഞാൻ തെറ്റിച്ചിട്ടില്ല. ഹോസ്പിറ്റലിലെ തിരക്ക് കാരണം മൂന്ന് മണിയായപ്പോഴാണ് ഭക്ഷണം കഴിക്കാനായി ഇറങ്ങിയത്. ഹോട്ടലിൽ നിന്ന് വാങ്ങിയ പൊതി തുറക്കു മ്പോഴേക്കും ഒരു ശബ്ദം. അയാൾ അതാ..... താഴെ വീണു കിടക്കുന്നു.

ഏകദേശം അരമണിക്കൂർ മുൻപേയാണ് അയാൾ വന്നത്. എന്റെ അച്ഛന്റെ പ്രായം കാണും. ഒറ്റയ്ക്കാണ് അയാൾ വന്നത്. വന്ന പ്പോൾ തന്നെ അയാൾ എന്നെ വിളിച്ച് അയാൾക്ക് ഉണ്ടായ അസ ഹനീയമായ ഒരു കൈ വേദനയെക്കുറിച്ച് വിവരിച്ചു. "വേഗം, വേഗം" എന്നാവർത്തിച്ച് അയാൾ പറഞ്ഞു കൊണ്ടിരുന്നു. ധൃതിപ്പെട്ട് മരു ന്നുകൾ വാങ്ങുന്നതും അവിടെ നിന്ന് കഴിക്കുന്നതുമെല്ലാം ഞാൻ കാണുന്നുമുണ്ട്. വീഴ്ച്ചയ്ക്കു ശേഷം ഞങ്ങൾ അയാളെ വിളിച്ചു ണർത്തി. വിളി കേൾക്കുന്നില്ല, "അയാൾ മരിച്ചു". എനിക്ക് വിശ്വസിക്കാൻ ആവുന്നതേയില്ല. ഒരു അസുഖവുമില്ലാതിരുന്നിട്ടും എന്താ സിക്കയാൾക്ക് പറ്റിയിട്ടുണ്ടാവുക? ആരുമല്ലായിട്ടും ഉള്ളിൽ ഒരു "വിഷമം, "അയാളുടെ കുടുംബത്തെ അറിയിക്കണ്ടേ?" പക്ഷേ ഒറ്റയ്ക്കാണ് അയാൾ വന്നത്."

ഞാൻ വേഗം അയാളുടെ പോക്കറ്റ് പരിശോധിച്ചു. ഫോണു ണ്ടെങ്കിൽ അയാളുടെ ബന്ധുക്കളെ അറിയിക്കാം. നോക്കിയപ്പോൾ പോക്കറ്റിൽ അതാ എന്തോ ഒന്ന് തടയുന്നു. ഒരു പേപ്പറിൽ പൊതി ഞ്ഞ കുറച്ച് ചോറ്. കുറച്ചു മാത്രം കഴിച്ച് ബാക്കി സുരക്ഷിതമായി അയാൾ മാറ്റിവച്ചിരിക്കുകയാണ്. അത് തന്റെ മക്കൾക്ക് വേണ്ടി യായിരുന്നു. "പൊതിച്ചോ." "വേഗം, വേഗം" എന്നാവർത്തിച്ച് പറഞ്ഞത് അതുകൊണ്ടായിരിക്കും. ആരുമില്ലാത്ത തന്റെ മക്കൾക്ക് കൊടുക്കുവാൻ വേണ്ടിയാണവ. അയാളുടെ വരവും കാത്ത് അവർ നിൽപ്പുണ്ടാകും.

കുറ്റബോധം തോന്നുന്നു. അമ്മയുടെ ആ ഒരു പിടിച്ചോറ് വില മതിക്കാനാകാത്തതായിരുന്നു. അയാൾക്ക് വിശപ്പുണ്ടായിരുന്നിട്ടും അയാൾ ആ പൊതിച്ചോറ് മുഴുവനും കഴിച്ചില്ല. ഒരു വറ്റ് മാത്രം കഴിച്ചു. അച്ഛനമ്മമാർ തന്റെ മക്കൾക്ക് നൽകുന്നത് അവരുടെ ജീവൻ തന്നെയാണ് എന്ന യാഥാർത്ഥ്യം ഞാൻ മനസ്സിലാക്കി.

ഹോട്ടലിൽ നിന്ന് വാങ്ങിയ ആ ചോറിന് വീട്ടിലത്തെ പൊതി ച്ചോറുമായി സാമ്യമുണ്ടോ? ഇല്ല. ഭക്ഷണം മാത്രമാണതിൽ പൊതി ഞ്ഞു നൽകുന്നത്. മറിച്ച് വീട്ടിലെ പൊതിച്ചോറിൽ ഭക്ഷണത്തി നൊപ്പം അവരുടെ പറയാത്ത വിശപ്പും, നിറഞ്ഞ സ്നേഹവും ഉണ്ട്.

# നിശ്ശബ്ദ സഞ്ചാരം

**ബിന്ദുടീച്ചർ**

ഹാ! അങ്കപ്പുറപ്പാടുകളിൽ
ഇനി ഞാൻ അംഗനയല്ല.
അകന്നു പോയ ദിവാസ്വപ്നങ്ങൾ
ഇനിയെനിക്കു കൂട്ടിരിക്കും.
പത്രത്താളുകളിൽ പതിയെ സഞ്ചാരം
വാനഭംഗിയിൽ മനം ജ്യോത്സന
മണിയൊച്ച പകക്കാതെ
ആരവങ്ങൾ പൊതിയാതെ ഇനി..
പിന്നിലെൻ ഇരുവ്യാഴവട്ട ശീലുകൾ.
അറ്റുപോം വിരലുകളിലെ ജോസഫ്സാറിന്റെ നൊമ്പരവും.
കുസൃതികളിലെ ചിക്കും ഗൗരവമും
ഗള്ളിവറും പാർക്കുന്ന ചില്ലലമാര
നോട്ടങ്ങളാലെന്നെ അന്യയാക്കുന്നു.
വാക്കിൻ മണമുള്ള വഴികളിലെൻ
ഏകാന്ത നിശ്ശബ്ദ സഞ്ചാരം.

# കരിപുരണ്ട ചുമരിലെ കൗതുകം

കരിപുരണ്ട നാലു ചുമരിൽ വെറുതെ ഇടകണ്ണിട്ട് നോക്കിനിൽക്കെ.
കത്താതെ പുകയുന്ന അടുപ്പിനോട് പരിഭവം പറയുന്ന അമ്മ
എനിക്കൊരു കൗതുകമായി.
അമ്മയുടെ പരിഭവം ഇതുവരെ കേൾക്കാത്ത എനിക്ക് അതൊരു
വിങ്ങലായി .
നിത്യവും പുഞ്ചിരി മാത്രം തൂകി പരിഭവം ഉള്ളിൽ അടക്കുന്ന അമ്മയ്ക്ക്
ആ കരിപുരണ്ട നാലു ചുമരുകൾ വെറും അടുക്കള അല്ല.
സ്വപ്നങ്ങളെ ജീവനോടെ അടക്കം ചെയ്ത മാസ്മര ഗ്രന്ഥത്തിൻറെ
പറുദീസയാണ്.
അതുപോലെ തന്നെ തൻറെ മനസ്സുതുറക്കാനുള്ള കൂട്ടുകാരിയും
ആണ് .
അന്നുമുതൽ ആ കരിപുരണ്ട ചുമരുകൾ എനിക്കും ഒരു
കൗതുകമായി.

Anjitha vp
VIII-D

# പ്രവാസിയുടെ ആത്മ നൊമ്പരങ്ങൾ

മൌസൂഫ പി കെ

ജമാലിക്കയുടെ മരണവാർത്ത കേട്ടാണ് അബു അതിരാവിലെ എഴുന്നേറ്റത്. നാലപ്പത് വർഷത്തെ പ്രവാസ ജീവിതം അവസാനി പ്പിച്ച് നാളെ നാട്ടിലേക്ക് മടങ്ങാനിരിക്കുകയായിരുന്നു. അബുവിന് അത അവിശ്വസനീയമായിരുന്നു. അവന് സങ്കടം അടക്കാനായി ല്ല. എട്ടു വർഷത്തോളം ഒരു മുറി പങ്കിട്ടവരായിരുന്നു ജമാലിക്കയും അബുവും. ബന്ധുക്കളെ വിവരമറിയിക്കാൻ ശ്രമിക്കുന്നതിനിടയിൽ ജമാലിക്കയുടെ ബാഗിൽ നിന്ന് അബുവിന് ഒരു ഡയറി കിട്ടി. അവൻ വിറക്കുന്ന കൈകളോടെ അത് തുറന്നു നോക്കി. ഓരോ പേജുകളായി മറിച്ചു. ഉപ്പയുടെ മരണത്തോടെ കടബാധ്യതകൾ കുന്നുകൂടിയപ്പോൾ ഇരുപതാം വയസ്സിൽ പ്രവാസ ജീവിതത്തി ലേക്ക് ചുവടുവെച്ചതാണ് ജമാലിക്ക. ദുബൈയിൽ വന്നതിനു ശേഷം മൂന്നു പെങ്ങന്മാരെ കെട്ടിച്ചയച്ചു. ബാധ്യതകളേറെയുണ്ടാ യിട്ടും ഒരിക്കലും സങ്കടങ്ങൾ പുറത്തു കാണിക്കാതെ പുഞ്ചിരി ക്കുന്ന ജമാലിക്ക. "ആ പുഞ്ചിരിക്കുന്ന മുഖം പെട്ടെന്നങ്ങു മറഞ്ഞു പോയല്ലോ......" അബു പേജുകൾ മറിക്കുന്നതിനിടയിൽ സങ്കടം ഉള്ളിലൊതുക്കി നെടുവീർപ്പിട്ടു. അവൻ വീണ്ടും പേജുകൾ മറിച്ചു.



ഹിദ മോളുടെ ചിത്രമുണ്ടായിരുന്നു അതിൽ. നീണ്ട പ്രവാസ ജീവിതത്തിനിടയിൽ ദൈവം അദ്ദേഹത്തിന് സമ്മാനമായി നൽകി യതായിരുന്നു ആ മകളെ. "മകളെ പഠിപ്പിച്ച് ഡോക്ടറാക്കണം, അവളെ നല്ല ഒരു ചെറുക്കന് കല്ല്യാണ കഴിപ്പിക്കണം...." അബൂ പേണ്ണുകൾ വീണ്ടും മറിച്ചു. സ്വന്തം മകനെ അവസാനമായി ഒരു നോക്ക് കാണാനാവാതെ ഇരുളുകളുടെ മറവിലേക്ക് എന്നന്നേക്കു മായി കണ്ണടച്ച ഒരു ഉമ്മയുടെ നൊമ്പരം അതിലുണ്ട്. അബൂ വിറക്കുന്ന കൈകൾ കൊണ്ട് ഉമിനീര് തൊട്ടു കൊണ്ട് മറിച്ചു. "ഭാര്യയുമൊത്ത് ഒന്ന് തുറന്ന് സംസാരിക്കണം. അവളുമൊത്ത് ഒരു യാത്ര പോകണം. ഇനിയുള്ള കാലം കുടുംബവു മൊത്ത് സന്തോഷത്തോടെ ജീവിക്കണം."



# 2039

നമിത

ഉറക്കം ഞെട്ടി കേശു എഴുന്നേറ്റു. സമയം 7 മണി ആയതേ ഉള്ളൂ. തിരിഞ്ഞും മറിഞ്ഞും കിടന്നിട്ട് ഉറക്കം വരാത്തതും കേശു ഫ്ളാറ്റിന്റെ ബാൽക്കണിയിൽ പോയിരുന്നു. പുറത്ത് ഹോട്ടലുകളും ചില ഷോപ്പുകളും തുറന്നിട്ടുണ്ട്. കുറേ പോലീസ് വണ്ടികളും ആളുകളും ഒരു ഭാഗത്തേക്ക് പോകുന്നതായി കാണാം. എന്തിനാണെന്ന് അറിയില്ല. കേശു അകത്തേക്കു പോയിട്ട് ഒരു കാപ്പി ഉണ്ടാക്കി കുടിച്ചു. വേറെയൊന്നും ചെയ്യാനില്ലാത്തതുകൊണ്ട് അവൻ ഇന്നലെ ഡൗൺലോഡ് ചെയ്ത ക്രൈം സീരിസിൻ്റെ PDF വായിച്ചു കൊണ്ടിരുന്നു.

8 മണി ആയപ്പോഴാണ് കേശുവിൻ്റെ ഭാര്യ സിയ എഴുന്നേൽക്കുന്നത്. ഭർത്താവിനോട് ഗുഡ്മോണിംഗ് പറഞ്ഞ് അവൾ അടുക്കളയിലേക്ക് നീങ്ങി. അടുക്കള വരെ വൃത്തിയുള്ളതാണ്. ഒറ്റ നോട്ടത്തിൽ തന്നെ മനസ്സിലാക്കാം ഈ അടുക്കളയിൽ ഭക്ഷണമൊന്നും പാകം ചെയ്യാറില്ല. കോഫി മിഷീനിൽ നിന്ന് ഉണ്ടാക്കിയ കോഫി യുമായി അവൾ കേശുവിൻ്റെ അടുത്തുചെന്നു. എന്നിട്ട് ഫോണിൽ നോക്കിയിരുന്നു. കുറേ സമയം കഴിഞ്ഞു, അവൾ ഫോണിൽ നോക്കി ഇരിക്കാൻ തുടങ്ങിയിട്ട് ഒരു മണിക്കൂർ കഴിഞ്ഞു. അപ്പോ ഴാണ് സിയയുടെ ഫോണിൽ 9.15 നുള്ള ഓൺലൈൻ മീറ്റിങ്ങിന്റെ നോട്ടിഫിക്കേഷൻ വന്നത്. അവൾ പിന്നെ മീറ്റിങ്ങിൻ്റെ തയ്യാറെടു പ്പിലേക്ക് നീങ്ങി. ഇന്നലെ രാത്രി ഒന്നും കഴിക്കാത്തത്കൊണ്ട് കേശുവിന് നല്ല വിശപ്പുണ്ട്. അവൻ അടുക്കളയിൽ പോയി വല്ലതു മുണ്ടോ എന്ന് നോക്കി. അടുക്കളയിലാണെങ്കിൽ ഒന്നുമില്ല



# ഡിങ്കു ആന

**അലോക്നാഥ്.എ**

---

ഒരു കാട്ടിൽ ഡിങ്കു എന്ന ആന ഉണ്ടായിരുന്നു. ആ കാട്ടിലെ മറ്റു മൃഗങ്ങളെല്ലാം പൊണ്ണത്തടിയാ ഡിങ്കു എന്നു വിളിച്ചു അവനെ കളിയാക്കുമായിരുന്നു. അതുകാരണം അവന് എപ്പോഴും വളരെ സങ്കടമായിരുന്നു. ആരും അവൻ്റെ കൂടെ കളിക്കുമായിരുന്നില്ല. ഒരു ദിവസ കുറച്ച് മനുഷ്യർ ആ കാട്ടിൽ മൃഗങ്ങളെ വേട്ടയാടാൻ വന്നു. ഡിങ്കു ചിന്നം വിളിച്ച് അവരെ വിരട്ടി ഓടിച്ചു. എന്നിട്ടും മൃഗങ്ങൾ ഡിങ്കുവിനെ കൂടെ കൂട്ടിയില്ല. ഞങ്ങൾക്കും അവരെ വിരട്ടി ഓടിക്കാൻ കഴിയുമായിരുന്നു എന്നു



പറഞ്ഞു. പിന്നീട് ഒരു ദിവസം ശക്തമായ ഇടിയും മിന്നലു ഉണ്ടായി. കാട്ടിന് തീ പിടിച്ചു. മൃഗങ്ങ ളെല്ലാം പേടിച്ച് പരക്കെ ഓടാൻ തുടങ്ങി. ഡിങ്കു വേഗം പോയി കാട്ടരുവിയിൽ നിന്ന് തുമ്പിക്കൈയിൽ വെള്ളം എടുത്ത് ചീറ്റി തീ അണച്ചു. മൃഗങ്ങൾക്കെല്ലാം ഡിങ്കുവിനോട് വളരെ സ്നേഹം തോന്നി. അവർ പിന്നീട് ഒരിക്കലും അവനെ കളിയാക്കിയില്ല

---

# ബുദ്ധിമാനായ എലി


## ആദിനാഥ്.എ

ഒരു ഗ്രാമത്തിൽ അരി ഗോഡൗൺ ഉണ്ടായിരുന്നു. ആ ഗോഡൗ ണിൽ കുറെ ജോലിക്കാർ ഉണ്ടായിരുന്നു. ഒരു ദിവസം രാവിലെ അവിടെയുള്ള ജോലിക്കാർ ജോലി ചെയ്ത് കൊണ്ടിരിക്കുമ്പോൾ ചിക്, ചിക് എന്ന ഒരു ശബ്ദം കേട്ടു. അവർ ചുറ്റുപാടും നോക്കി. പക്ഷെ ആ ശബ്ദം എവിടെ നിന്നൊന്ന് അവർക്ക് മനസ്സിലായില്ല. അപ്പോൾ പെട്ടെന്ന് ഒരു അരിച്ചാക്കിൽ നിന്ന് അരിമണികൾ വീഴാൻ തുടങ്ങി. അവർ ആ ചാക്കിൻ്റെ അടുത്ത് വന്ന് അതിൽ രണ്ടു മൂന്ന് പ്രാവശ്യം തട്ടി നോക്കി. അപ്പോൾ ആ ചാക്കിൽ നിന്ന് മൂന്ന് എലി കൾ ഇറങ്ങിയോടി. അവർ മൂന്ന് എലികളെയു പിടികൂടി. രണ്ട് എലികളെ അവർ കൊന്നു. മൂന്നാമത്തെ എലിയെ കൊല്ലാൻ പോകുമ്പോൾ എലി പറഞ്ഞു, എന്നെ കൊല്ലരുത് ഞാൻ മറ്റ് എലി കളെ പോലെയല്ല എനിക്ക് ഒരു മാന്ത്രിക ശക്തിയുണ്ട്. ആ മാന്ത്രിക ശക്തി ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം. അത് കാണണമെങ്കിൽ നിങ്ങളെന്നെ പുറത്തേക്ക് എറിയണം. ജോലിക്കാർ എലിയുടെ മാന്ത്രിക ശക്തി കാണാൻ വേണ്ടി തന്നെ എലിയെ പുറത്തേക്ക് എറിഞ്ഞു. എലി പെട്ടെന്ന് തന്നെ ഓടി രക്ഷപ്പെട്ടു.

# സ്വപ്നങ്ങളുടെ നക്ഷത്രം

കീർത്തന ജേക്കബ്

ദൂരെ..... അകലെ .....ഒരു നക്ഷത്രം. അതിനെ നോക്കി അവൾ പറഞ്ഞു, നിൻറെ നിഗൂഢതകൾ അറിയുവാൻ ഞാൻ വരും. അവൾ ഒരു പെൺകുട്ടിയാണ്. 8 വയസ്സു മാത്രം പ്രായം. മീന എന്നാണ് അവളുടെ പേര്. തൻറെ അച്ഛൻ തന്റെ അമ്മയെയും തന്നെയും ഒറ്റയ്ക്കാക്കി ,കാലത്തിനു കീഴടങ്ങി. അച്ഛൻ വൃദ്ധനായിരുന്നു. അമ്മ ചെറുപ്പക്കാരിയും. ബ്രാഹ്മണ കുടുംബത്തിലാണ് അവൾ ജനിച്ചത് .തൻറെ അമ്മ ചെറുപ്പക്കാരി ആയിരിക്കുമ്പോൾ തന്നെ അമ്മയെക്കാൾ വയസ്സ് ഒത്തിരി കൂടുതലുള്ള ഒരാളുമായി വിവാഹം കഴിപ്പിച്ചു. തൻറെ ആഗ്രഹങ്ങൾ ഒന്നും വകവെച്ചില്ല. ജോലി സമ്പാദിക്കാൻ പോലും കഴിഞ്ഞില്ല. ഒടുക്കം ഭർത്താവ് മരിച്ച വിധവയായപ്പോൾ നാലു ചുമരുകൾക്കുള്ളിൽ ഒതുങ്ങിപ്പോയി. തനിക്ക് സംഭവിച്ചത് തന്റെ മകൾക്ക്, മറ്റുള്ളവർക്ക് മുമ്പിൽ കീഴടങ്ങിയ സ്ഥാനത്ത് ജയിക്കണമെന്ന് ദൃഢനിശ്ചയം. കാലമാകുന്ന ഒഴുക്കിനെ മുമ്പിൽ നീന്തി കയറുന്ന ഒരു കൊച്ചു മീനിനെ പോലെ. ജീവിയുടെ തോട്ടത്തിൽ പറിച്ച ഇത് ഉണ്ടാക്കിയ തുച്ഛമായ വരുമാനത്തിലാണ് അവർ ജീവിച്ചിരുന്നത്. മീന വളർന്നുകൊണ്ടിരുന്നു. അവൾക്ക് പഠിക്കാൻ വലിയ താല്പര്യമൊന്നും ഉണ്ടായിരുന്നില്ല. പത്താംക്ലാസ് എത്തി. തുച്ഛമായ മാർക്കോട് കൂടി അവൾ ജയിച്ചു. കാലം പോകുംതോറും അമ്മയാകുന്ന തണലിൽ നിന്ന് അവൾ അകന്നു പോയി കൊണ്ടിരുന്നു. അമ്മ പറഞ്ഞത് കേൾക്കാതെ ആയി. പന്ത്രണ്ടാം ക്ലാസ് ആയി. അവൾ തോൽക്കുക തന്നെ ചെയ്തു. സമൂഹത്തിൽ നിന്നും കൂട്ടുകാരിൽ നിന്നും പരിഹാസം, അവളുടെ അമ്മയ്ക്ക് അതു വലിയ പ്രഹരമായിരുന്നു. ജീവിതത്തോട് പോരാടി അവർ തളർന്നിരുന്നു. തനിക്കിനി ജീവിക്കേണ്ട എന്ന് കരുതി അവർ ആത്മഹത്യയ്ക്ക് ശ്രമിച്ചു. അവളുടെ അമ്മ ആശുപത്രിയിലായി. മീന വീട്ടിൽ ഒറ്റയ്ക്കായി. അമ്മയെ കാണാൻ അവൾ ആശുപത്രിയിൽ എത്തി. അവിടെ വച്ചാണ് ആ അമ്മ അവരുടെ കഥ പറഞ്ഞത്. വളരെ ചെറുപ്പത്തിൽ തന്നെ വിവാഹം ചെയ്തു അയച്ചു, സ്ത്രീയായതിന്റെ പേരിൽ എല്ലാ സ്വാതന്ത്ര്യവും പ്രതിഷേധിക്കപ്പെട്ടു. "സ്ത്രീകൾ ജോലിക്ക് പോയാൽ അത് കുടുംബത്തിന് അപമാനമാണ് "എന്നാണ് ഉത്തരം. ഒടുക്കം ഭർത്താവ് മരിച്ചപ്പോൾ ആരുമില്ലാതെയായി ,വിദ്യാഭ്യാസം ഇല്ലാത്തതുകൊണ്ട് കൂലിപ്പണിക്ക് പോകേണ്ടി വന്നു. തന്നെ അവസ്ഥയ്ക്ക് കാരണക്കാരായ സമൂഹത്തിന് ഒരു മാതൃകയാവണം തന്റെ മകൾ എന്ന ആഗ്രഹമാണ് തനിക്ക് എന്ന് പറഞ്ഞ് അവർ മരണത്തിന് കീഴടങ്ങി. ശൂന്യതയിൽ നിന്ന് വന്ന് അവളുടെ ഹൃദയത്തിൽ തുളയ്ക്കുന്നത് പോലെ അവൾക്കു തോന്നി. അത് അവളെ വേട്ടയാടി കൊണ്ടിരുന്നു. നഷ്ടപ്പെട്ട അവളുടെ ആഗ്രഹം അവൾ വീണ്ടെടുത്തു. തൻറെ അമ്മയ്ക്ക് വേണ്ടി പഠിക്കാൻ തുടങ്ങി, ഉയർന്ന മാർക്കോട് കൂടി പാസായി. തന്നെ ആഗ്രഹം പോലെ അവൾ ശാസ്ത്രജ്ഞയായി. സമൂഹമാണ് അവൾക്ക് വലിയ ബഹുമതികൾ നൽകി. എങ്ങും കരഘോഷം. രാത്രിയിൽ അവൾ നക്ഷത്രത്തെ നോക്കി, തനിക്ക് വഴികാട്ടി തന്ന അമ്മയാണ് ആ നക്ഷത്രം എന്ന് സങ്കൽപ്പിച്ചുകൊണ്ട്......



# ബലിമൃഗം

ദർശന പി

പ്രതീക്ഷയുടെ ഒരു കിരണം പോലും ബാക്കി വയ്ക്കാതെ ആ വാർത്ത എൻ്റെ കാതുകളിലേക്ക് തുളച്ചു കയറി. അമ്മയുടെ മൃത ദേഹം കണ്ടതിലേറെ ഞാൻ തളർന്നു പോയത് അന്ധവിശ്വാസങ്ങളുടെ കൂട്ടിൽ വച്ചാണ് അമ്മയുടെ കഴുത്തറുത്തത് എന്ന സത്യം തിരിച്ചറിഞ്ഞപ്പോഴാണ്. അത് മാവിനെപ്പോലും വെറുതെ വിടാതെ അറുത്തിട്ട എൻ്റെ അമ്മയുടെ ശവശരീരം കാണാനുള്ള ശക്തിയുണ്ടായിരുന്നില്ല എനിക്ക്.

ഞാൻ സ്കൂളിൽ പോയിട്ട് വീട്ടിലെത്താൻ താമസിച്ചാൽ നിറു റവ പൊട്ടിപ്പുറപ്പെടുന്ന ഒരു കണ്ണുണ്ടായിരുന്നു അമ്മയ്ക്ക്. എപ്പോഴോ ആ കണ്ണുകൾ ദൈവമെന്ന മനുഷ്യ ഭാവനയുടെ മുൻപിൽ അടച്ചു നിന്നു. ആ ദൈവം തന്നെ എൻ്റെ അമ്മയുടെ കണ്ണുകൾ ഇനിയൊരിക്കലും തുറക്കാത്ത വിധം അടച്ചു കളയുമെന്ന് എനിക്കറിയില്ലായിരുന്നു.

ഇവിടെ, ഈ നാട്ടിൽ ഒരു അമ്പലമുണ്ടായിരുന്നു. പെണ്ണുങ്ങളുടെ ചോര കുടിക്കുന്ന ദൈവങ്ങളാണ് അവിടെ കുടിയേറിയിരുന്നത്. പണ്ടത്തെ ഒരു ബലിത്തറ അവിടെയുണ്ടായിരുന്നു. പിടഞ്ഞ ജീവൻ്റെയും ചോരയുടെയും ഗന്ധമുള്ള ബലിത്തറ. അന്നു ഞാൻ ഇതൊക്കെ കണ്ടിരുന്നത് എൻ്റെ അമ്മയുടെ ചൂടുള്ള കരങ്ങൾ പിടിച്ചാണ്. ഇന്ന് ആ കരങ്ങൾ എന്നെ വിട്ടു പിരിഞ്ഞിരിക്കുന്നു. അന്ന് ബലിത്തറയിലേക്ക് തെരുക്കപ്പെട്ട കന്യകമാരുടെ ചോര പൊടിയുന്ന അലർച്ചകൾ എൻ്റെ കാതിൽ മുഴങ്ങിയതുപോലെ ഇന്ന് എൻ്റെ അമ്മയുടെ അലർച്ചകൾ കാതു തുളക്കുമാം വിധം ഉച്ചത്തിൽ എനിക്കു കേൾക്കാം.
അമ്മയെ കാണാതായിട്ട് ഒരാഴ്ച കഴിഞ്ഞിട്ടും ഒരു വിവരവും ലഭിക്കാത്തതിനാൽ എനിക്ക് വിഷമമുണ്ടായിരുന്നെങ്കിലും അമ്മ തിരികെ വരുമെന്ന നാട്ടുകാരുടെ സൗമ്യമായ വാക്കുകളെ ഞാൻ വിശ്വസിച്ചു. അപ്പോഴും എൻ്റെ അച്ഛൻ പോയിരുന്നത് ആ അമ്പലത്തിലേക്കാണ്. ദേവിയെ പ്രാർത്ഥിക്കാൻ. പ്രാർത്ഥനയാണ് എല്ലാത്തിൻ്റെയും ഫലമെന്നാണ് അച്ഛനും പറഞ്ഞിരുന്നത്. എന്നാൽ ഇപ്പോൾ

ഇല്ല...മരിച്ചിട്ടില്ല..... ഇപ്പോഴും അമ്മ എന്നിൽ, എൻ്റെ ഓർമ്മകളിൽ ജീവിക്കുന്നു.
അന്ധവിശ്വാസത്തിനെതിരെയുള്ള വിപ്ലവം. ഇന്നും എൻ്റെ ഹൃദയത്തിലുണ്ട്. ഇടയ്ക്കൊക്കെ അത് പതഞ്ഞു പുറത്തു ചാടുവാൻ വിതുമ്പുന്നുണ്ടെങ്കിലും ഞാനൊരു കുട്ടിയാണ് എന്ന വാക്കിൻ ചങ്ങലയിൽ എൻ്റെ വിപ്ലവത്തെ അവർ കെട്ടി വരിഞ്ഞു.

പിന്നീടെപ്പോഴെങ്കിലും അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും കരുക്കിൽ നിന്നും ഈ കേരളത്തെ രക്ഷിക്കുമെന്ന ഉറച്ച ഒരു തീരുമാനം ഞാൻ എടുത്തു. അന്നു മുതൽ ഞാൻ പ്രയത്നിക്കുകയാണ് ലോകത്തെ നരബലി എന്ന ക്രൂര കുറ്റകൃത്യത്തെ കരിച്ചറിയിക്കുവാൻ. അതിനു വേണ്ടിയുള്ള എൻ്റെ ആദ്യത്തെ ചുവടു വയ്പാണ് ഈ വരികൾ.


കുറേ വർഷങ്ങൾക്കു ശേഷം ഈ കഥ വെറും വരികളായി കഴിച്ചിട്ടുഎൻപ് ന്നൊലോചിക്കുക. മുൻപിതായിരുന്നു കേരളത്തിന്റെ അവസ്ഥ. പച്ചപ്പും കായലുകളും അല്ല കറുത്ത പൂച്ച കുറുകെ ചാടിയാൽ തീരുന്ന ജീവിതമേ നമുക്കുള്ളു എന്ന അന്ധ വിശ്വാസം പടർത്തിയ കേരളം.

# തീവണ്ടി

വാണി .കെ .വി

ആംബുലൻസ് ൈസറിൻ .... എന്റെ മോളേ .... പോന്നു മോളേ ....ആ അമ്മയുടെ നിലവിളി പ്രകൃതിയെ പോലും പ്രകമ്പനം കൊള്ളിച്ചു. കറുത്ത ഷൂസും,ഇൻസൈഡ് ചെയ്ത വെളുത്ത ഷർട്ടും ധരിച്ച അയാൾ കറുത്ത കുടയും ചൂടി ഉറുമ്പിൻ കൂട്ടത്തെ പോലെ വരി വരിയായി നടക്കുന്ന സ്കൂൾ കുട്ടികളുമായി , ഒലിച്ചിറങ്ങുന്ന ആ മഴ വെള്ളത്തിൽ ചവിട്ടി ആ വീട്ടിലേക്ക് നടന്നു കയറി 21, 22, .... 24 ക്ലാസിലെ ഹാജർ എടുക്കുന്ന സമയം. 23 -പാർവതി 'ഈസ് ഷി അബ്സൈറ്റ് ടുഡേ ? ക്ലാസ് അധ്യാപകൻ ചോദിച്ചു.'ഐ ഡോണ്ട് നോ സാർ ' ഒരു കുട്ടി മറുപടി നൽകി .സ്കൂൾ കെട്ടിടത്തിന്റെ മൂന്നാം നിലയിലേക്ക് അവൾ ഓടി കയറി . പാതി അഴിഞ്ഞുപോയ ചുവന്ന റിബ്ബണും,തല തിരിഞ്ഞ് കഴുതിലണിഞ്ഞ ഐഡൻറിറ്റി കാർഡുമായി അവൾ കിതച്ചുകൊണ്ട് ക്ലാസ് മുറിയുടെ വാതിൽക്കൽ നിന്നു ചോദിച്ചു 'മേ ഐ കം ഇൻ സർ?' ഹോ ആരിത് പാർവതി ഹോ ആരിത് പാർവ്വതി രമേശോ .എന്തിനാണാവോ ഇത്ര നേരത്തെ വന്നത് ?" അധ്യാപകൻ "ഭക്ഷണം തയ്യാറാക്കാൻ വൈകി. ഗേറ്റും അടച്ചു . അതാ വൈകിയത്"' " എന്നും ഇതേ കാരണമാണല്ലടോ. രാവിലെ വീട്ടിൽ നിന്നിറങ്ങി എവിടെയെങ്കിലും കറങ്ങി നടന്നിട്ട് ഇപ്പോ ക്ലാസ്സിൽ കയറി വരുന്നതല്ലെന്ന് ആര് കണ്ടു." "സാർ അനാവശ്യം പറയരുത്. വേണമെങ്കിൽ വീട്ടിൽ വിളിച്ചു ചോദിക്കാം."സത്യം അപ്പോഴറിയാം."അവൾ കുറച്ച് ശബ്ദമുയർത്തി പറഞ്ഞു." ഹും ശരിശരി ഇന്നേക്ക് വിട്ടിരിക്കുന്നു. നാളെയും ഇതുപോലെയാണെങ്കിൽ പിന്നെ രക്ഷിതാക്കളെയും കൂട്ടി വന്നിട്ട് ബാക്കി

തീരുമാനിക്കാം."അധ്യാപകൻ സ്വരം മാറ്റി പറഞ്ഞു. അവൾ സീറ്റിലേക്ക് കയറിയിരുന്നു . കോരിച്ചൊരിയുന്ന ആ മഴയത്ത് നീല ടാർ പ്പായി വലിച്ചു കെട്ടിയ ആ വീട്ടുമുറ്റത്ത് കറുത്ത കുടയും ചൂടി നിന്ന അയാളുടെ മനസ്സിലുടെ ആ ഓർമ്മ മറ നീക്കി വന്നു . അടുക്കളയിലേക്ക് ദേഷ്യം പിടിച്ചു വന്ന അവൾ പറഞ്ഞു." എൻറെ അമ്മേ ഇനിയും ഭക്ഷണം ആയില്ലേ. എന്നും ഞാൻ ഇതു കാരണം വൈകിയ ക്ലാസിൽ എത്തുന്ന . ഇന്നും കൂടി വൈകിയാൽ പിന്നെ അങ്ങോട്ട് പോകേണ്ടി വരില്ല. ആ ബസ് ഡ്രൈവർ ആണെങ്കിൽ റെയിൽവേ ഗേറ്റിന് അപ്പുറത്ത് നിന്ന് ഫോൺ അടിച്ചു കൊണ്ടിരിക്കും." " നീ ടെൻഷൻ ആവല്ലേ . രണ്ടേ രണ്ട് മിനിറ്റ് . ഇന്ന് അമ്മ ഗേറ്റ് വരെ കൊണ്ടുവിടാം . വീട്ടിൽ വണ്ടി ഉണ്ടല്ലോ." " ഇന്നലെ അയാൾ എന്നെ കൂട്ടാതെയാ വണ്ടി വിട്ടത്. ഇന്ന് എനിക്ക് എങ്ങനെയായാലും നേരത്തെ എത്തിയതേ പറ്റൂ സാർ എന്തൊക്കെയാ പറയുക എന്ന് അമ്മക്ക് അറിയാലോ"- അവൾ പറഞ്ഞു. സിഗ്നൽ ചുവപ്പു തെളിഞ്ഞു. വണ്ടികൾ വരി തെറ്റിച്ച് നിർത്തിയിട്ടു. ബസ് ഡ്രൈവർ ഗെയ്റ്റിനപുറത്ത് മുഖം ചുളിച്ചു നിന്നു . കഴിഞ്ഞ ദിവസത്തെ സംഭവങ്ങൾ ആലോചിച്ച അവൾ ഡോർ തുറന്ന് ഗേറ്റ് മുറിച്ച് കടക്കാൻ ഓടി . അഞ്ച് പത്ത് കിലോയോളം വരുന്ന സ്കൂൾ ബാഗുമായി കിതച്ചുകൊണ്ട് അവൾ രണ്ടാമത്തെ റെയിൽപ്പാളം കിടക്കാൻ ഒരിഞ്ച് മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളു.ഒരൊറ്റ തട്ട് - ഹൃദയം നറുങ്ങുന്ന ആ കാഴ്ച ഓർത്ത് കരഞ്ഞു തളർന്ന ആ അമ്മ വെള്ള പുതപ്പിച്ച , തുണി ചേർത്ത ആ ശവശരീരത്തിന്റെ മുകളിൽ നിന്ന് ഞെട്ടി എഴുന്നേറ്റു . അവസാനമായി ഒരുനോക്ക് നിങ്ങളുടെ കൂട്ടുകാരിയെ കാണാൻ അവർ അവളുടെ ജീവനറ്റ ശരിരത്തിനടുത്തെത്തി ചുവന്ന റോസാപ്പൂക്കൾ അവൾക്ക് അർപ്പിച്ച് വിതുമ്പിക്കൊണ്ട് അവർ ആ വീടിൻറെ പടിയിറങ്ങി. വരിയുടെ അവസാനം നെഞ്ചു കലങ്ങി നിന്ന അയാൾ അവളുടെ കാലുപിടിച്ചു. പശ്ചാത്താപത്തിന്റെ ആ കണ്ണുനീർത്തുള്ളി അവളുടെ കാൽപാദങ്ങൾ സ്പർശിച്ചു.



# വിശപ്പ്

നീലാംബരി.കെ

നേരം പുലർന്നു. ഇരുട്ടിൻ്റെ മറ നീക്കി സൂര്യൻ വെളിച്ചം പരത്താൻ വന്നു. കാവ്യ ഒരു പൂക്കച്ചവടക്കാരിയായിരുന്നു. വളരെ പ്രതീക്ഷയോടെ അന്ന് അവൾ ചന്തയിലേക്ക് പോയി. ചന്തയിൽ എത്തിയ അവൾ പൂക്കൾ നിരത്തി വച്ചു. പ്രതീക്ഷയോടെ ഇരുന്ന അവൾക്ക് മുന്നിൽ ഒരു വൃദ്ധൻ വന്നു ചോദിച്ചു. "മുല്ലപ്പൂവിന് എത്രയാ?" "80 രൂപ" കാവ്യ പറഞ്ഞു. "80 രൂപയോ, ഈ മുല്ലപ്പൂവി നോ, ആ കടയിൽ 50 രൂപയ്ക്ക് തരുമല്ലോ?" വൃദ്ധൻ അകലേക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് അകലെയുള്ള ഒരു പൂക്കട ലക്ഷ്യം വച്ച് നടന്നു. ആ ഒരു പ്രതീക്ഷയും പോയി എന്നു വിചാരിച്ച് കാവ്യ സങ്കടത്തോടെ ഇരുന്നു.

നേരം പോയി. സന്ധ്യയായി. അവൾ വീട്ടിലേക്ക് നടന്നു. വീട്ടി ലെത്തിയ അവൾ കാണുന്നത് ഉമ്മറത്തിണ്ണയിൽ കാത്തിരിക്കുന്ന അമ്മയെയാണ്. അവൾ അമ്മയോട് പറഞ്ഞു, "ഇനി ഞാൻ ചന്തയിലേക്ക് പോകുന്നില്ല അമ്മേ..എനിക്ക് വേറെ ജോലി മതി." മകൾക്ക് വേറെ ഏത് ജോലി തരപ്പെടുത്തിക്കൊടുക്കും എന്ന ആശ ങ്കയോടെ അവളെ അകത്തേ ക്ക് വിളിച്ചു കാലം ക റേ കടന്നുപോ യി. കിടപ്പിലായിരുന്ന അവളുടെ അച്ഛൻ മരിച്ചു. കാലിന് സുഖമി ല്ലാത്തതിനാൽ അവളുടെ അമ്മയ്ക്ക് നടക്കാൻ പറ്റാതായി. അവ ളുടെ വീട് പട്ടിണിയിലാഴ്ന്നു.

കാലവർഷം അവരുടെ പട്ടിണി ഇരട്ടിയാക്കി. പട്ടിണി കാരണം അവളുടെ അമ്മയും മരിച്ചു. ഇനി എന്തു ചെയ്യണം എന്നറിയാതെ അവൾ മരിക്കാൻ തീരുമാനമെടുത്തു. പക്ഷേ അത് ബുദ്ധിയല്ല എന്ന് അവൾക്ക് തോന്നി. വേറെ ജോലി തേടി അവൾ നടന്നു, നടന്നകന്നു.

# അമ്മ മനസ്സ്

സൻമയ.വി

"എടോ...... നിങ്ങളീ കുടിച്ച് നടക്കുന്ന സമയം നമ്മുടെ

പൊന്നുമോനെയൊന്ന് നോക്കിക്കൂടെ." സരസ്വതിയമ്മയുടെ പരിഭവമാണ്. ഒന്നും പറയണ്ട ആ വീട്ടില എന്നും അടിയും കുത്തുമാണ്. അച്ഛൻ ഭരിക്കേണ്ട സ്ഥാനം അമ്മ യുടെ ഭരണം എന്നാണ് നാട്ടുകാർ പറയുന്നത്. സരസ്വതിയമ്മ യുടെ ഭർത്താവ് തികഞ്ഞ മദ്യപാനിയാണ്. എന്നാൽ സരസ്വതിയ മ്മയ്ക്ക് ഒരു മകനുണ്ട്.

"സരസ്വതിയമ്മയ്ക്ക് ആ മകൻ മതി. എല്ലാ സുഖങ്ങളും അനു ഭവിക്കാൻ" എന്ന് പലരും പറയും. നല്ല സ്വഭാവവും ഒത്ത ചന്തവും പഠിത്തത്തിൽ ഒന്നാമനുമായ ഒരു കൊച്ചു മിടുക്കൻ. അവനെ എല്ലാ വർക്കും വളരെ ഇഷ്ടമാണ്. സരസ്വതിയമ്മ മറ്റു ജോലി ഒന്നും ചെയ്തിരുന്നില്ല. ഉള്ളതുകൊണ്ട് എല്ലാ നേരവും കഴിയുന്നതാണ് സരസ്വതിയമ്മ. പക്ഷേ മകനെയൊന്ന് വളർത്തി വലുതാക്കണം എന്ന് കരുതി വീട്ടുവേല ചെയ്ത് പണം സമ്പാദിച്ചു. സരസ്വതി യമ്മ എന്നും പറയും, "നമ്മളൊക്കെ പണ്ട് ഒന്നും പഠിക്കാത്തോണ്ട് ഇങ്ങനെ ആയി പോയത്. ഇവനെയൊന്ന് പഠിപ്പിച്ച് കര കയറ്റ ണം. അല്ലെങ്കിൽ ഇവനും അച്ഛനെ പോലെയാവും."

സരസ്വതിയമ്മ എന്ത് പറഞ്ഞാലും അവർക്ക് ഭർത്താവിനെയും മകനെയും വല്ല്യ ഇഷ്ടമാണ്. കുടി അധികം ആയപ്പോൾ ഭർത്താവ് മരിച്ചു പോയി. സരസ്വതിയമ്മ ആകെ ഒന്ന് തളർന്നുപോയി. മകൻ അമ്മയെ തളർച്ചയിൽ നിന്നും പിടിച്ചെഴുന്നേൽപ്പിച്ചു. അമ്മയുടെ ലക്ഷ്യം മകനായിരുന്നു. അമ്മ മകനെ കഴിയുന്നിടത്തോളം പഠി
പ്പിച്ചു. അമ്മയ്ക്ക് സന്തോഷം ഉണ്ടാക്കി കൊടുക്കണം. അമ്മയുടെ ആഗ്രഹം സാധിച്ചു കൊടുക്കണം. ഇതായിരുന്നു ആ കൊച്ചു മിടു പിന്നായിട്ടറിയാം. അനങ്ങണ്ട്. അവന് നന്നായിട്ടറിയാം. അവൻ ഭാവിയെ നയിച്ചു എഞ്ച് എന്ന് എന്ന ചുവടുവെപ്പിലേക്ക് നയിക്കുടിനീയർ ആഗ്രഹത്തിലേക്കുള്ള സാന പരിക്ഷ കൂടി അവനെഴുതണം. അവൻ രാവും പകലും അവ യാതെ എന്നപോലെ പഠിച്ചു. രാത്രി അവൻ ഉറങ്ങാതെ പഠിക്കു മ്പോൾ അമ്മ ഉറങ്ങാതെ അവന് കൂട്ടിരുന്നു. പരിക്ഷയെഴുതാ പോകുമ്പോൾ അമ്മയുടെ അനുഗ്രഹവും കാവിലെ ദേവിയുടെ അനുഗ്രഹവും ഏറ്റുവാങ്ങി. നല്ല മാർക്കോടു കൂടി തന്നെ അവൻ ആ പരിക്ഷയിൽ വൻ വിജയം നേടി. ആ സരസ്വതിയമ്മയുടെ *യഥാർത്ഥ സന്തോഷം അന്നാണ് എല്ലാവരും കണ്ടത്. സരസ്വതി യമ്മയും മകനും വിജയം ആഘോഷിക്കുമ്പോൾ അച്ഛന്റെ വേർപാട് മുഖത്തൊരു ചെറിയ ദുഃഖമുണ്ടാക്കി. അങ്ങനെ അവൻ പഠിച്ച് സര സ്വതിയമ്മയെ സങ്കടക്കടലിൽ നിന്നും സന്തോഷകടലിലേക്ക് കര കയറ്റി. മകൻ ജോലി ചെയ്ത് കിട്ടുന്ന പണം സരസ്വതിയമ്മയും നാട്ടിലെ പാവങ്ങൾക്കും വൃദ്ധസദനത്തിലുമെല്ലാം പങ്കുവച്ചു. മക ന്റെയും അമ്മയുടെയും നല്ല മനസ്സ് നാട്ടുകാർക്ക് അഭിമാനമായി. സരസ്വതിയമ്മയെ ഒരു പരിപാടിയിൽ ആദരിച്ചു. സന്തോഷ ത്തോടെ സരസ്വതിയമ്മ ആ ആദരവ് ഏറ്റുവാങ്ങി. സരസ്വതിയമ്മ യുടെയും മകന്റെയും ഈ സന്തോഷയാത്ര തുടരുന്നു.....

# മരുപ്പച്ച തേടി

ഹിമ

ജനിക്കുമ്പോൾ തന്നെ അവൾക്ക് ചിറകുണ്ടായിരുന്നു. തന്റെ മകൾക്ക് മാത്രം ചിറക് വന്നത് കണ്ട മാതാപിതാക്കൾ അവരുടെ പിഞ്ചോമനയുടെ ചിറകുകൾ മുറിച്ചുകളയാൻ നോക്കി. അലറിക്കരയുന്ന ആ കുഞ്ഞിന്റെ വേദന അവർ കാര്യമാക്കിയില്ല. ചോര ഒലിച്ചു, പക്ഷേ അവളുടെ ചിറകുകൾ മുറിക്കാൻ അവർക്ക് കഴിഞ്ഞില്ല. ഒരു മണിക്കൂർ നീണ്ട പരിശ്രമത്തിന് ശേഷം അവർ ആ ഉദ്യമത്തിൽ നിന്ന് പിന്മാറി. ചിറകുകളെ മറച്ചുവെക്കാനുള്ള പരിശ്രമങ്ങൾ തുടങ്ങി. "കഴിഞ്ഞ ജന്മം ചെയ്ത തെറ്റിനാണോ ഞങ്ങൾ ഇന്ന് ശിക്ഷ അനുഭവിക്കുന്നത്. നീ മാത്രമേ ഉണ്ടാവൂ ഇങ്ങനെ, നശിച്ച ജന്മം" അവർ അവളോട് പറയും.ആ ചിറകുകൾ ഒരു ഭാരമാണെന്ന് അവളെ പറഞ്ഞു പഠിപ്പിച്ചു. അതിനെ അവൾ വെറുത്തു.

വർഷങ്ങൾ കടന്നു പോയിക്കൊണ്ടേയിരുന്നു.തന്റെ ചിറകുകൾ മറച്ചുവെക്കാൻ അവൾ കൂടുതൽ കഷ്ടപ്പെട്ടു. ഒരിക്കൽ പോലും അതിന്റെ ഭംഗി കാണാൻ അവൾക്ക് കഴിഞ്ഞില്ല.അവൾക്ക് അതൊരു ശാപമായിരുന്നു. അവൾ ലോകത്തിൽ നിന്ന് ഒളിച്ചു ഒറ്റപ്പെട്ട ജീവിതം തുടങ്ങി.

# അമ്മയും മകളും

അക്ഷയ.കെ.പി

തനിച്ച് സ്കൂളിൽ പോകാൻ മിനിക്ക് മടിയാണ്. അതുകൊണ്ട് അമ്മയാണ് അവളെ കൊണ്ടുവിടുന്നത്. ഒരു ദിവസം അമ്മയ്ക്ക് സുഖമില്ലാതായി. അപ്പോൾ അമ്മ അവളോട് പറഞ്ഞു. "നീ ഇന്ന് തനിച്ച് സ്കൂളിൽ പോകണം". മിനിക്ക് ചെറിയ മടിയുണ്ടായിരുന്നു. പക്ഷേ അമ്മയുടെ കഷ്ടപ്പാട് കണ്ടിട്ട് അവൾ തനിച്ച് സ്കൂളിലേക്ക് പോയി. അവൾ പോകുന്ന വഴിയിൽ മഴ പെയ്തു. മിനി കുട എടുത്തിട്ടില്ലയിരുന്നു. ഒരു വണ്ടി പോയപ്പോൾ അവളുടെ ദേഹത്ത് മുഴുവനും വെള്ളമായി. അവൾ കരഞ്ഞുകൊണ്ട് വീട്ടിലേക്ക് ഓടി. ഓടുമ്പോൾ അവിടെ ഒരു കുഴി ഉണ്ടായിരുന്നു. അത് ചവിട്ടി അവൾ വീണു. ഓടി വീട്ടിലെത്തി. എന്നിട്ട് അമ്മയോട് നടന്ന കാര്യങ്ങൾ പറഞ്ഞു. പിന്നെ അമ്മ അവളുടെ കുപ്പായത്തിൽ ഉണ്ടായ ചെളി എല്ലാം തുടച്ചു കളഞ്ഞു. എന്നിട്ട് പുതിയ ഒരു യൂണിഫോം ഇട്ടു കൊടുത്തു. അവളുടെ കൈപിടിച്ച് സ്കൂളിലേക്ക് ഇറങ്ങി. സ്കൂളിലേക്ക് അവൾ പോകേണ്ട സമയം കഴിഞ്ഞിരുന്നു . അമ്മ ടീച്ചറോട് നടന്ന കാര്യങ്ങൾ പറഞ്ഞു. അവളോട് ക്ലാസ്സിൽ കയറാൻ പറഞ്ഞു. അമ്മ പോകുന്നത് വരെ അവിടെത്തന്നെ അവൾ നിന്നു

# വീട്ടുപകരണങ്ങൾ

**വേണുഗോപാലൻ ഇ പി**

ഒന്ന്

ആറു വിസിൽ കൊണ്ട് വെന്തു പതം വരും
കാലത്തടുപ്പിൽ കയറ്റി പ്രഷർകുക്കർ
എന്റെ മാംസം പച്ചമാംസം തിളയ്ക്കുന്നു
ചേരുവ ചേർത്തില്ല വിയർപ്പിൻ ഉപ്പല്ലാതെ

രണ്ട്

മേശമേൽ കേറി കിടപ്പാണ് ഞാൻ മെയ്യിൽ
ചൂടേറും ഇസ്തിരിപ്പെട്ടി ചലിക്കുന്നു
തേപ്പിനൊടുവിൽ നിവർന്നു വരുമത്രേ
പേരിന് പോലും ചുളിവുകളില്ലാതെ

മൂന്ന്

ഊറ്റി ഊറ്റി മോളിൽ ടാങ്കു നിറയ്ക്കുവാൻ
വീട്ടിൽ കറങ്ങുന്ന മോട്ടോർ അതിദ്രുതം
ഡ്രൈയടിച്ചിട്ടും കറക്കം തുടരുന്നു
ഫൂട്ടുവാൾവെന്നുടെയുള്ളിൽ കിടക്കുന്നു

നാല്

ചത്തിരിപ്പുണ്ടു ഞാൻ റെഫ്രിജറേറ്ററിൽ
കാണുവാനാളുകൾ ഒത്തിരി പേർ വരും
കൊള്ളി വയ്ക്കും വരെ ചീയാതെ സൂക്ഷിക്കാം
വീട്ടിൽ കറണ്ടു പോകാതിരുന്നാൽ മതി

* * * * * *

ജീവിതക്ലേശം കുറയ്ക്കാൻ പലവിധം
വീട്ടു യന്ത്രങ്ങൾ ഉണ്ടായത് ഭാഗ്യമായ്

# അത്ഭുതങ്ങളുടെ ലോകത്തിൽ

**അഭിനവ്.എം.കെ**

ഇന്നത്തെ അനുഭവങ്ങൾ എനിക്കൊരിക്കലും മറക്കാനാവില്ല. മയിൽപ്പീലിപോലെ അവ എന്നെന്നും ഞാൻ മനസ്സിന്റെ താളു കൾക്കിടയിൽ സൂക്ഷിച്ചു വയ്ക്കും. ഓർക്കുന്തോറും രസം ഏറി വരുന്നു. തിരമാലകളുടെ ചാഞ്ചാട്ടങ്ങൾ നോക്കി നിൽക്കുകയാ യിരുന്നു ഞാൻ. ഒരു തീരത്തെത്തി ചിന്നിച്ചിതറിയാലുടൻ അടുത്ത തിരയുടെ വരവായി. തിരകൾ തന്നെ എത്ര തരം! കുഞ്ഞു തിരക ളും, കൂറ്റൻ തിരകളും. ചിലതിൻ്റെ വരവു കണ്ടാൽ പേടിച്ചു പോകും. തിരമാലകളുടെ നൃത്തം കണ്ട് സ്വയം മറന്നങ്ങനെ നിന്നപ്പോഴാണ് എന്നെ സ്നേഹത്തോടെ കടലമ്മ തൊട്ടുവിളിച്ചത്.

"വരുന്നോ.... കണ്ടാലും കണ്ടാലും കൊതിതീരാത്ത കാഴ്ച കൾ കാണിക്കാം."

ഞാൻ സമ്മതം മൂളിയതും കടലമ്മ എന്നെ തോളിലേറ്റിയതും ഒപ്പമായിരുന്നു.

"അതാ ഒരു വെളിച്ചം. ആരാ വെള്ളത്തിൽ വിളക്കു കൊളുത്തി യത്?" എന്റെ ചങ്ങാതിക്ക് ചിരി വന്നു. "അതാരും വിളക്കു കൊളു ത്തിയതൊന്നുമല്ല. റാന്തൽ മത്സ്യങ്ങളാണ്." കരയിൽ മിന്നാമിനു ങ്ങുകളുടെ ഉയരും തോറും ഇരുൾ നേർത്തു നേർത്തു വന്നു. ഇപ്പോൾ എല്ലാം കാണാം.

പെട്ടെന്ന് ചാട്ടുളിപോലെ ഒരു മത്സ്യം മിന്നിമറഞ്ഞു. എന്തൊരു വേഗം!

"അതിൻ്റെ പേരെന്താ?"

ഞങ്ങൾ മാന്ത എന്ന ഒരിനം താണ്ടിയുടെ അടുത്തെത്തി. അതി ന് എന്നെ വളരെ ഇഷ്ടമായി. എനിക്ക് തിരിച്ചും. "പറക്കുന്ന ജീവികളിലും പാലൂട്ടി വളർത്തുന്നവയില്ലേ കടലിലും പാലൂട്ടുന്ന അമ്മ മാരുണ്ട്. നമുക്ക് അവരെക്കൂടി കാണാം." സാക്ഷാൽ നീലത്തിമിം ഗലം തന്നെ.

ഒരു തരം ജീവികളുടെ പ്രവർത്തനം കൊണ്ടാണത്രേ പവിഴപ്പു റ്റുകൾ ഉണ്ടാകുന്നത്. പുറ്റുകൾ അവയുടെ അസ്ഥികൂടമാണ്. പൂക്കൾ പോലെ, ശാഖകൾ പോലെ, ശിലകൾ പോലെ, പല ആകൃതി യിൽ, പല വലുപ്പത്തിൽ, പല നിറത്തിൽ പവിഴപ്പുറ്റുകൾ. പവിഴ പ്പുറ്റിന്റെ അഴകിന് അലങ്കാരം പോലെ പൂമ്പാറ്റകളെക്കാൾ വർണ്ണ ഭംഗിയുള്ള പുഴുകൾ, ചിപ്പികൾ, ഞണ്ടുകൾ, കടൽക്കുതിരകൾ, നിറക്കുപ്പായമണിഞ്ഞ് നക്ഷത്ര മത്സ്യങ്ങൾ, ഹോ അത്ഭുതങ്ങളുടെ ലോകം തന്നെ! മനസ്സില്ലാമനസ്സോടെയാണ് കടലമ്മയോടു യാത്ര പറഞ്ഞത്. ചുണ്ടിൽ ഇപ്പോഴും ഉപ്പുരസം, മനസ്സിൽ നിറയെ മധുരവും.


ഡിജി വിംഗ്സ്
Ankitha v.p